(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം വൈദ്യുതി ബോർഡിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു;

(ബി) ഇവയിൽ ഗസറ്റഡ് എത്ര; നോൺ ഗസറ്റഡ് എത്ര;

(സി) ഈ ഓരോ വിഭാഗത്തിലും സിവിൽ വിംഗിലും ഇലക്ട്രിക്കൽ വിംഗിലും എത്ര തസ്തികകൾ വീതം സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1975 തസ്തികകൾ.

(ബി) ഗസറ്റഡ് - 705

നോൺ ഗസറ്റഡ് - 1270

(സി) ഗസറ്റഡ് വിഭാഗം

സിവിൽ - 23

ഇലക്ട്രിക്കൽ - 569

മറ്റു വിഭാഗങ്ങൾ - 113

നോൺ ഗസറ്റഡ് വിഭാഗം

സിവിൽ - 44

ഇലക്ട്രിക്കൽ - 819

മറ്റു വിഭാഗങ്ങൾ - 407

(1951) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശേഷിയാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ജലവൈദ്യുതിയിൽനിന്നും താപനിലയങ്ങൾ, ഡീസൽ നിലയങ്ങൾ എന്നിവയിൽനിന്നും എത്ര വീതം ഉല്പാദിപ്പിക്കാൻ കഴിയുന്നുവെന്ന് വെളിപ്പെടുത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ജലവൈദ്യുതിയിൽ നിന്നും താപവൈദ്യുതിയിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ശരാശരി എന്ത് ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കായംകുളം എൻ.ടി.പി.സി.യുടെ തെർമൽ പവർ പ്രോജക്ടിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) അവിടെ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കെ.എസ്.ഇ.ബി. എടുക്കുന്നുണ്ടോ;

(എഫ്) കായംകുളം താപവൈദ്യുത നിലയവുമായിട്ടുള്ള പവർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം ഒരു യൂണിറ്റിന് എത്രയാണ് നിരക്ക് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ സ്ഥാപിതശേഷി 2381.63 മെഗാ വാട്ട് ആണ്.

(ബി) ജലവൈദ്യുത പദ്ധതികളിൽനിന്ന് 6600 ദശലക്ഷം യൂണിറ്റും, താപ വൈദ്യുത നിലയങ്ങളിൽനിന്ന് 3854 ദശലക്ഷം യൂണിറ്റും ഉല്പാദിപ്പിക്കാൻ കഴിയും.

(സി) ജലവൈദ്യുത പദ്ധതിയിൽനിന്നും ഒരു യൂണിറ്റിന് 17.18 പൈസയും താപ-ഡീസൽ പദ്ധതിയിൽനിന്നും ഒരു യൂണിറ്റിന് 411 പൈസയുമാണ് ഉല്പാദനച്ചെലവ്.

(ഡി) ഒന്നാം ഘട്ടം പൂർത്തിയായിട്ടില്ല. ഒന്നാം ഘട്ടത്തിലെ ആദ്യ യൂണിറ്റ് (115 മെ.വാ. 2.11.1998-ലും രണ്ടാമത്തേത് (115 മെ.വാ.) 28.2.1999-ലും പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള മൂന്നാമത്തെ സ്റ്റീം ടർബയിൻ യൂണിറ്റ് ഏതാനും മാസങ്ങൾക്കകം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) പവർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ് ലൈൻ അനുസരിച്ചുള്ള വൈദ്യുതി നിരക്ക് കൊടുക്കണമെന്നതാണ് അവസ്ഥ. കായംകുളം നിലയം പൂർണ്ണ തോതിൽ പ്രവർത്തിച്ചുതുടങ്ങുമ്പോൾ ഇപ്പോഴത്തെ 'നാഫ്ത'യുടെ വിലയനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് എൻ.ടി.പി.സി. ആവശ്യപ്പെടുന്നത് നാലു രൂപ പത്തൊമ്പത് പൈസ (രൂപ 4.19) ആണ്.

അനുബന്ധം IV

THE KERALA LOK AYUKTA (AMENDMENT) BILL, 1999
(Report of the Subject Committee)

Subject Committee X (Home Affairs) to which The Kerala Lok Ayukta (Amendment) Bill, 1999 was referred. considered the Bill clause by clause and now submits this, its Report with the Bill as reported by the Committee annexed thereto.

2. The Kerala Lok Ayukta (Amendment) Bill, 1999 was published as a Gazette Extraordinary dated December 8, 1999. The Bill was introduced in the Assembly on December 16, 1999 and was referred to the Subject Committee on the same day itself.
3. The Committee considered the Bill clause at its meeting held on December 16, 1999.
4. The Committee recommends to adopt the bill without any modification.
5. Minutes of dissent is appended.

E.K. NAYANAR,
Chairman,
Subject Committee-X

LIBRARY ARCHIVES Kerala Legislative Assembly